15. കായികതാരങ്ങൾക്കും പരിശീലകർക്കും വിദേശത്തേക്കയച്ചും വിദഗ്ധ പരിശീലകരെ വരുത്തിയും പരിശീലനം നൽകുന്ന പദ്ധതി.

16. നാഷണൽ ഇൻഷ്വറൻസ് കമ്പനികളുടെ സഹായത്തോടെ, കായികതാരങ്ങൾക്കും സ്പോർട്സ് സ്കൂൾ/ഹോസ്റ്റൽ എന്നിവയിലുള്ള ഒഫീഷ്യൽസിനും ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്.

17. ഇൻഡ്യയിലെ ഏറ്റവും കൂടുതൽ പ്രൈസ് മണി നൽകുന്ന കേരള ഗെയിംസ്.

18. നാഷണൽ ഗെയിംസ് മെഡൽ ജേതാക്കൾക്ക് അവാർഡ് സ്കീം.

19. മുൻ കായികതാരങ്ങൾക്ക് കായികതാര പെൻഷൻ നൽകിവരുന്നു.

മേൽപ്പറഞ്ഞവകൂടാതെ, സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലുള്ള പദ്ധതികൾ ഇനിപ്പറയുന്നവയാണ്. :-

1. പുതിയ കളിസ്ഥലങ്ങൾ
2. സ്പോർട്സ് അക്കാഡമികൾ
3. 2002, 2006 എന്നീ വർഷങ്ങളിലെ ഏഷ്യൻ ഗെയിംസിലേക്ക് കായിക താരങ്ങളെ തിരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകൽ.

മഞ്ഞപ്പിത്ത രോഗം

28 (*176) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മഞ്ഞപ്പിത്തരോഗം പിടിപെട്ട് കൂട്ടംകൂട്ടമായി ആളുകളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ രോഗം പിടിപെട്ടിട്ടുള്ളത് ;

(സി) എത്രപേരെ ആശുപത്രികളിൽ ചികിത്സക്കായി പ്രവേശിപ്പിച്ചു ;

(ഡി) എല്ലാപേരും രോഗവിമുക്തരായിട്ടുണ്ടോ ; ഇല്ലെങ്കിൽ അവരുടെ സ്ഥിതി എന്താണ് ;

(ഇ) രോഗം വന്നതിന്റെ കാരണമെന്തെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ രോഗം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) കുട്ടംകുട്ടമായി ആളുകളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജൂലായ് 2000-ത്തിനും നവംബർ 2000-ത്തിനും ഇടയിൽ പത്തനംതിട്ട ജില്ലയിലെ കുളനട പഞ്ചായത്തിലും ആലപ്പുഴ ജില്ലയിലെ മുളക്കുഴൽ പഞ്ചായത്തിലുമാണ് ഹെപ്പറ്റൈറ്റിസ്-ബി രോഗബാധയുണ്ടായത്. ജനുവരി 2000-ൽ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം പഞ്ചായത്തിൽ പനയത്തേരിയിൽ ഹെപ്പറ്റൈറ്റിസ്-എ രോഗബാധയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കുളക്കട പഞ്ചായത്തിൽ 12-ഉം തിരുവനന്തപുരം ജില്ലയിലെ പനത്തേരിയിൽ 8-ഉം ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) പത്തനംതിട്ട ജില്ലയിലെ മുളനട പഞ്ചായത്തിൽ 2000 ജൂലായ് മുതൽ നവംബർ 2000 വരെ 12 പേരെയും തിരുവനന്തപുരം ജില്ലയിലെ പനയത്തേരിയിൽ 8 പേരെയുമാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

(ഡി) എല്ലാപേരും രോഗവിമുക്തരായിട്ടുണ്ട്.

(ഇ) മുളക്കുഴ പഞ്ചായത്തിൽ ആലപ്പുഴ ജില്ലയിലെ ആരോഗ്യ വകുപ്പിലെ വിദഗ്ധ സംഘവും കുളനട പഞ്ചായത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും നിയോഗിച്ച വിദഗ്ധ സംഘവും ആവശ്യമായ അന്വേഷണങ്ങളും പഠനങ്ങളും നടത്തി. തിരുവനന്തപുരം ജില്ലയിലെ പനയത്തേരിയിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നുള്ള സംഘവും ആരോഗ്യ വകുപ്പിലെ വിദഗ്ധ സംഘവും രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ വിദഗ്ധരും ചേർന്ന് അന്വേഷണങ്ങളും പഠനങ്ങളും നടത്തുകയുണ്ടായി. കുളനടയിലും മുളക്കുഴയിലും ഹെപ്പറ്റൈറ്റിസ് രോഗബാധരായിരുന്നുവെന്ന് തെളിഞ്ഞു. ഹെപ്പറ്റൈറ്റിസ്-ബി പടരുന്നതിനുള്ള കാരണങ്ങൾ ആവർത്തിച്ച് ഉപയോഗിക്കുന്ന സിറിഞ്ചുകളായിരുന്നുവെന്ന് സംശയിക്കുന്നു. ഹെപ്പറ്റൈറ്റിസ്-എ ജലമലിനീകരണം മൂലമാണെന്ന് പഠനം വെളിപ്പെടുത്തി.

(എഫ്) ജനങ്ങളുടെ ബോധവൽക്കരണം, സിറിഞ്ചുകളുടെ ആവർത്തിച്ചുള്ള ഉപയോഗം തടയൽ, ജലസ്രോതസ്സുകളിൽ (കിണറുകൾ) ക്ലോറിനേഷൻ, ആരോഗ്യ പ്രവർത്തകരുടെ അലർട്ട്നസ് എന്നിവ വഴിയാണ് ഇത് കൂടുതൽ വ്യാപിക്കാതിരിക്കാൻ നടപടി എടുത്തത്.

മിനറൽ വാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ

29 (*177) ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി മിനറൽവാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഗവൺമെന്റ് അംഗീകാരത്തോടെയാണോ പ്രവർത്തിക്കുന്നത്;

LIBRARY-ARCHIVES Kerala Legislative Assembly